# പതിനാലാം കേരള നിയമസഭ
# നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 348 15.03.2017- ൽ മറുപടിയ്ക്ക്

## സഹകരണ മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.വി.വിജയദാസ്<br>" റ്റി.വി.രാജേഷ്<br>" പുരുഷൻ കടലുണ്ടി<br>ശ്രീമതി യു. പ്രതിഭ ഹരി | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് നോട്ട് അസാധുവാക്കലിന്റെ അനന്തര ഫലമായി സഹകരണ മേഖല അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ തരണം ചെയ്യുന്നതിനുള്ള നടപടികളുടെ ഭാഗമായി സഹകരണ ബാങ്കുകളിലേക്ക് നിക്ഷേപം ആകർഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും അവയ്ക്ക് ഗ്യാരന്റി ലഭ്യമാക്കുകയും ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് നോട്ട് അസാധുവാക്കലിനെ തുടർന്നുണ്ടായ താൽക്കാലിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി സഹകരണ മേഖലയിൽ സഹകരണ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിക്കുകയുണ്ടായി. നിക്ഷേപകരുടെ ആശങ്ക അകറ്റി സഹകരണ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് ഈ ക്യാമ്പയിൻ സംഘടിപ്പിച്ചത്. സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകുന്ന പദ്ധതി നിലവിലുണ്ട്. കേരള സഹകരണ നിക്ഷേപ സുരക്ഷാ പദ്ധതിയിൽ അംഗമായിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളിലെയും 1,50,000/- രൂപ വരെയുള്ള നിക്ഷേപങ്ങൾക്ക് നിക്ഷേപ സുരക്ഷ ലഭ്യമാണ്. |
| ബി) സഹകരണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പി.എ.സി.എസ്.ന്റെ സഹായത്തോടെ സംരംഭക യൂണിറ്റുകൾ ആരംഭിക്കാൻ പദ്ധതിയുണ്ടോ; | (ബി) | ഉണ്ട്. |
| സി) വിനോദ സഞ്ചാര വകുപ്പിന്റെ സഹായത്തോടെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനായി, സഹകരണ വകുപ്പ് പദ്ധതികൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഉണ്ട്. കേരള സംസ്ഥാന സഹകരണ ടൂറിസം ഫെഡറേഷൻ (ടൂർഫെഡ്) വിനോദസഞ്ചാര മേഖലയുടെ വികസനത്തിനായി വിനോദ സഞ്ചാര വകുപ്പുമായി ചേർന്ന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. ഇതിന്റെ ഭാഗമായി മലബാർ മേഖലയിൽ ടൂർഫെഡിന്റെ ആഭിമുഖ്യത്തിൽ ബേക്കൽ കേന്ദ്രമാക്കി ആയുർവേദ റിസോർട്ട്, ബേക്കൽ റിസോർട്ട് ഡെവലപ്പ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പ്രാവർത്തികമാക്കുന്നതിനുള്ള |

പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ കൊല്ലം ആശ്രാമം കേന്ദ്രമാക്കി അഡ്വഞ്ചർ പാർക്കിൽ 3.50 കിലോ മീറ്റർ ദൈർഘ്യത്തിലോടുന്ന ഒരു മിനിയേച്ചർ റെയിൽവേ അഷ്ടമുടിക്കായലിനും ഗസ്റ്റ് ഹൗസിനും സമീപത്തു കൂടി നിർമ്മിച്ചു നടപ്പാക്കുന്ന പദ്ധതിയും ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല, ടൂറിസം ഡെസ്റ്റിനേഷൻ മാനേജ്മെന്റ് ഏറ്റെടുത്ത് നിർവ്വഹിക്കാൻ പ്രാപ്തമായ പ്രാഥമിക സംഘങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാനും ഉദ്ദേശിക്കുന്നു.

ഡി) സ്കൂൾ, കോളേജ് സഹകരണ സംഘങ്ങൾ ശക്തിപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

(ഡി) വാർഷിക പദ്ധതി പ്രകാരം സ്കൂൾ സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ 5 ലക്ഷം രൂപയും കോളേജ് സഹകരണ സംഘങ്ങൾക്ക് സബ്സിഡി ഇനത്തിൽ 6 ലക്ഷം രൂപയും 2 വർഷത്തിലൊരിക്കൽ അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ബന്ധപ്പെട്ട ധനസഹായ പദ്ധതിയുടെ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**